കൊടുക്കാറുണ്ട്. വളരെ സന്തോഷമുണ്ട്. പക്ഷെ മെമ്പേഴ്സ് പറയുന്നതിന് വസ്തുനിഷ്ഠമായി മറുപടി പറയണമെങ്കിൽ ആ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയും ഉണ്ടാകണം. ചില പ്രത്യേക സാഹചര്യത്തിൽ മന്ത്രി മാർക്ക് ഹാജരാകാൻ കഴിയുകയില്ല. ഇന്ന് സഭയിൽ കണ്ടത്, പല മന്ത്രി മാർക്കുവേണ്ടിയും ബഹുമാനപ്പെട്ട രാധാകൃഷ്ണനാണ് മറുപടി പറഞ്ഞത്. ഒന്നുകിൽ അദ്ദേഹത്തെ പാർലമെന്ററി അഫയേഴ്സ് മിനിസ്റ്ററാക്കിവച്ചിട്ട് ബാക്കി മന്ത്രിമാരെല്ലാം റെസ്റ്റ് എടുക്കുക, അതല്ലെങ്കിൽ ബന്ധപ്പെട്ട മന്ത്രി ഇവിടെ വന്ന് കൃത്യമായി മറുപടി തരിക. അല്ലാതെ ഇതുകൊണ്ട് പ്രയോജന മില്ല. അതുകൊണ്ട് അങ്ങയുടെ ശ്രദ്ധ ഈ കാര്യത്തിലുണ്ടാകണം.

VI. റൂളിംഗ്

മി. സ്പീക്കർ : അങ്ങ് പറഞ്ഞത് പൂർണ്ണമായും ശരിയല്ല. ഇന്ന് രണ്ട് മന്ത്രിമാരുടെ അഭാവത്തിലാണ് അദ്ദേഹം മറുപടി പറഞ്ഞത്. ബാക്കി എല്ലാ മന്ത്രിമാരുമുണ്ട്. രണ്ട് മന്ത്രിമാരും ചെയറിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോ ടുകൂടിയാണ് സഭ വിട്ടുപോയത്. അത് ഒരു പ്രത്യേക പ്രശ്നമാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ശ്രീ. പി.പി. തങ്കച്ചനാണ് ആവശ്യമില്ലാതെ കുഴപ്പമുണ്ടാക്കുന്നത്. നിങ്ങളെപ്പോലുള്ളവർ അങ്ങനെ ചെയ്യാൻ പാടുണ്ടോ?

ശ്രീ. പി.പി. തങ്കച്ചൻ : ഞാൻ വേറൊന്നും പറഞ്ഞില്ല. നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ മന്ത്രി ഗൾഫിൽ പോയിരിക്കുകയാണെന്ന് പത്രത്തിൽ വാർത്തയുണ്ട്. ഒരത്യാവശ്യക്കാര്യത്തിന് മന്ത്രി വന്നില്ലെങ്കിൽ മന സ്സിലാക്കാം. ഇത് നേരത്തെ ഷെഡ്യൂൾ ചെയ്തതാണ്. പിന്നെ ഗൾഫിൽ പോകുന്നത് പാർലമെന്റ് ഇലക്ഷനെ മുന്നിൽ കണ്ടുകൊണ്ടാണെന്ന് ആരെ ങ്കിലും പറഞ്ഞാൽ ഞാൻ ഉത്തരവാദിയല്ല. പത്രത്തിൽ വന്ന വാർത്തയാണ്.

ശ്രീ. കെ.ഇ. ഇസ്മയിൽ : സഭയിൽ ഇത് പറഞ്ഞത് ബഹുമാനപ്പെട്ട തങ്കച്ചനാണ്. പ്രതിപക്ഷമാണെന്നുള്ളതുകൊണ്ട് ആവശ്യമില്ലാത്ത എന്തും പറയാമെന്നുള്ള ഒരവസ്ഥ നിങ്ങളെപ്പോലുള്ള ആളുകൾ തുടരുന്നത് ശരിയല്ല. മാതൃകാപരമായി മറ്റ് മെമ്പർമാർക്ക്.....

മി. സ്പീക്കർ : അങ്ങ് റിപ്പോർട്ട് പ്രസന്റ് ചെയ്യണം.

VII. റിപ്പോർട്ട് സമർപ്പണം

I മുതൽ X വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ ആനുകാലിക റിപ്പോർട്ട്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, സബ്ജക്ട് കമ്മിറ്റി I-ന്റെ 1997-98 സാമ്പത്തിക വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് കൃഷിവകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ശ്രീ. പി.പി. തങ്ക ച്ചന്റെ പരാമർശത്തെക്കുറിച്ച് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി പ്രതിപക്ഷ മായതുകൊണ്ട് എന്തും പറയാമെന്നുള്ള ധാരണ ശരിയല്ലയെന്നു പറഞ്ഞു. അപ്പോൾ ഞങ്ങൾ ഇവിടെ 'എന്തും പറഞ്ഞുകൊണ്ടാണോ' ഇരിക്കുന്നത് ആ ഒരു സമീപനം മന്ത്രിയുടെ ഭാഗത്തു നിന്നുണ്ടായാൽ സഭ ഇതുപോലെയായി

LIBRARY ARCHIVES Kerala Legislative Assembly